# Meeting of EAM and NSA with US Special Representative for Afghanistan Reconciliation

May 07, 2020

# അഫ്ഗാനിസ്ഥാൻ അനുരഞ്ജനത്തിനായുള്ള അമേരിക്കൻ പ്രത്യേക പ്രതിനിധികളുമായുള്ള ദേശീയ സുരക്ഷാ ഏജൻസിയുടെയും വിദേശകാര്യമന്ത്രിയുടെയും സമ്മേളനം

മെയ് 07, 2020

അഫ്ഗാനിസ്ഥാൻ അനുരഞ്ജനത്തിനായുള്ള അമേരിക്കൻ പ്രത്യേക പ്രതിനിധി ശ്രീ സൽമയ്ഖലീൽസദ് ദേശീയ സുരക്ഷാ ഏജൻസിയും വിദേശകാര്യമന്ത്രിയുമായി സന്ദർശനം നടത്തി.യു എസ് നാഷണൽ സെക്യൂരിറ്റി കൗൺസിലിലെ സീനിയർ ഡയറക്ടർ മിസ് ലിസ കർട്ടിസ് കൂടാതെ ഇന്ത്യയുടെ അമേരിക്കൻ അംബാസിഡറായ ശ്രീ കെൻ ജസ്റ്റർ എന്നിവരും അദ്ദേഹത്തിന്റെ കൂടെയുണ്ടായിരുന്നു.

അഫഗാനിസ്ഥാനുമായി സമാധാനത്തിനും അനുരഞ്ജനത്തിനുമായുള്ള യു എസ് പരിശ്രമങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ ശ്രീ ഖലീൽസദ് നൽകുകയുണ്ടായി.അഫഗാനിസ്ഥാനിനായി സാമ്പത്തിക വികസനം, പുനർനിർമാണത്തിനും, മാനുഷികമൂല്യങ്ങൾക്കുമായുള്ള എന്നിവയിൽ ഇന്ത്യ നൽകുന്ന സംഭാവനകൾ അമേരിക്കൻ വിഭാഗം തിരിച്ചറിയുകയുണ്ടായി. അഫ്ഗാനിസ്ഥാനിൽ സുസ്ഥിരമായ സമാധാനം, സുരക്ഷാ കൂടാതെ സ്ഥിരത എന്നിവയിൽ ഇന്ത്യയുടെ നിർണായകവും നിരന്തരവുമായ ചുമതലകൾക്ക് അവർ പ്രാധാന്യം നൽകി.

സമാധാനം, സുരക്ഷ, ഐക്യം, ജനാധിപത്യം എന്നിവ ശക്തിപ്പെടുത്തുന്നതിനും രാഷ്ട്രീയസമഗ്രതയ്ക്കും  അഫ്ഗാൻ ഹിന്ദുക്കളും സിഖുകാരും ഉൾപ്പെടെ അഫ്ഗാൻ സമൂഹത്തിലെ എല്ലാ വിഭാഗങ്ങളുടെയും അവകാശങ്ങൾ സംരക്ഷിക്കുന്നതിനും ഇന്ത്യ നൽകിവരുന്ന പിന്തുണ തുടരുന്നതാണെന്നു വിദേശകാര്യമന്ത്രിയും ദേശീയ സുരക്ഷാ അതോറിറ്റിയും ആവർത്തിച്ചറിയിച്ചു. അഫ്ഗാനിസ്ഥാനിൽ വിപളവ പ്രവർത്തങ്ങളിൽ ഉണ്ടായ വർദ്ധനവില ഇന്ത്യ ആശങ്കാകുലരാണ്, പെട്ടന്നുള്ള വെടിനിർത്തലിനും അഫ്ഗാനിസ്ഥാനിൽ കൊറോണവൈറസ് പകർച്ചവ്യാധിയുമായി ബുദ്ധിമുട്ടുന്നവർക്കുള്ള സഹായത്തിനും  ഇന്ത്യ പിന്തുണയ്ക്കുകയും ചെയ്യുന്നു. കൊറോണ വൈറസ് മൂലം രൂപപ്പെട്ട സാഹചര്യങ്ങളെ നേരിടുന്നതിനായി ഭക്ഷണവും ചികിത്സ സഹായവും എത്തിക്കുന്നത് ഇന്ത്യ തുടർന്നുകൊണ്ടിരിക്കുന്നു. തീവ്രവാദികളുടെ സുരക്ഷാ മേഖലകൾ അവസാനിപ്പിക്കുന്നത് അഫ്ഗാനിസ്ഥാനിലെ സുസ്ഥിരമായ സമാധാനവും സ്ഥിരതയും ഉറപ്പാക്കുന്നതിന് ആവശ്യമാണെന്ന് ഊന്നിപ്പറയുകയുണ്ടായി.

**ന്യൂ ഡൽഹി**
**07 മെയ്, 2020**

**DISCLAIMER: This is an approximate translation. The original is available in English on MEA's website and may be referred to as the official press release.**